# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1427    04.12.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ എം ഹംസ** | | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചു ; ഓരോ പ്രവൃത്തിയുടെയും വിശദാംശവും, അനുവദിച്ച തുകയും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ ; | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും, അനുവദിച്ച തുകയും, ഭരണാനുമതിയുടെ പകർപ്പും **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. ഇതിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു മറ്റുള്ളതിന്റെ പ്രവൃത്തി പുരോഗമിച്ച് വരുന്നു. കെട്ടിട വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു.<br>കെട്ടിട വിഭാഗത്തിൻ കീഴിൽ നൽകിയ ഭരണാനുമതിയുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു. |
| ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ഓരോ പ്രോജക്ടിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ; | | |
| സി) ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ള എത്ര പ്രവൃത്തികളുണ്ട് ; വിശദാംശം നൽകാമോ? | സി) | ഒരു പ്രവൃത്തിക്കും ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**